<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3681 — 20.06.2018 ൽ മറുപടിയ്ക്ക്

<u>ജയ അരിയുടെ പോഷകമൂല്യം സംബന്ധിച്ച് പഠനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 24 മാവേലി സ്റ്റോറുകൾ പുതിയതായി ആരംഭിക്കുകയും, 14 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ചെയ്തു. ഇ-ടെണ്ടർ സംവിധാനത്തിനു പുറമെ ഇ-ഓക്ഷൻ കൂടി ഉൾപ്പെടുത്തി കുറഞ്ഞവില താരതമ്യം ചെയ്ത് വാങ്ങുന്ന രീതി നടപ്പിലാക്കി. ഗുണനിലവാരമുള്ള അരി സംസ്ഥാനത്തു നിന്നുതന്നെ ശേഖരിക്കാൻ ഓയിൽ പാം ഇൻഡ്യ വിതരണം ചെയ്യുന്ന കുത്തരി നേരിട്ടു വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. സ്വകാര്യ മേഖലകളിലെ വിൽപ്പന ശാലകളിൽ ലഭ്യമാകുന്നതരം ഉൽപ്പന്നങ്ങൾ എത്തിക്കാൻ മാനദണ്ഡങ്ങൾക്കു വിധേയമായി കൂടുതൽ FMCG കമ്പനികളെ ഉൾപ്പെടുത്തി. നിലവിലുള്ള ഗോഡൗണുകൾ നവീകരിക്കാനും, സ്വന്തമായി നിർമ്മിക്കാനും ആവശ്യമായ നടപടിയെടുത്തു. വാതിൽപ്പടി വിതരണം കാര്യക്ഷമമായി നടപ്പിലാക്കി. 100 വിൽപ്പനശാലകൾ നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ബി) ജയ അരി എന്ന പേരിൽ സപ്ലൈകോ വിതരണം ചെയ്യുന്ന ആന്ധ്ര അരിയുടെ യഥാർത്ഥ പേര് അറിയിക്കുമോ; | (ബി) ജയ അരി എന്ന പേരിൽ ഇവിടെ അറിയപ്പെടുന്നതിന് ആന്ധ്രായിൽ ബൊണ്ടാലു എന്നാണ് പേര്. |
| (സി) ജയ അരിയുടെ പോഷകമൂല്യം സംബന്ധിച്ച് എന്തെങ്കിലും പഠനം ഭക്ഷ്യവകുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ; വ്യക്തമാക്കുമോ; | (സി) നടത്തിയിട്ടില്ല. പഠനം നടത്തുന്ന കാര്യം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ജനങ്ങൾ ജയ അരി കൂടുതലായി ഉപയോഗിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സാമാന്യം കുറഞ്ഞ വിലയിൽ ലഭിക്കുന്ന ഗുണനിലവാരമുള്ള അരി ആയതിനാലാകണം കേരളത്തിലെ ജനങ്ങൾ ജയ അരി കൂടുതലായി ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ